LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : ഇവിടെ ഉന്നയിച്ച രണ്ട് പ്രശ്നങ്ങളിൽ ഒന്ന്, അവരുടെ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞു എന്നുപറഞ്ഞു. ഇന്നലെവരെ ഒരു രൂപ പോലും ഈ ചികിൽസാ സഹായമായിട്ട് സർക്കാർ നൽകിയിട്ടില്ല. ഇത് രാഷ്ട്രീയമായിട്ടുമാത്രം പറയുന്നതല്ല. ഇതിൽ രാഷ്ട്രീയ പ്രശ്നമില്ല. കാസർഗോഡ് ജില്ലയിലെ കാര്യത്തിൽ ജനങ്ങൾ ഒറ്റക്കെട്ടാണ്. അതുകൊണ്ട് ഞാൻ പറയുന്നത് മന്ത്രിമാരുൾപ്പെടെയുള്ളവർ അവിടെ സന്ദർശിക്കണമെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിൽക്കണ്ടതാണ്. അദ്ദേഹം ഇതിനൊരു മറുപടി പറയണം. ചികിൽസാ സഹായത്തിന് നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഒരു മറുപടി പറയണം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഒരു പൈസയും ചെലവാക്കിയിട്ടില്ല എന്ന് എങ്ങനെ പറയും. രണ്ട് മെഡിക്കൽ ക്യാമ്പ് കഴിഞ്ഞു. ആ മെഡിക്കൽ ക്യാമ്പിൽ വന്നവർക്ക് ചികിൽസ നടത്തി. സഹായം ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുന്നു. ഈ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ, എനിക്ക് ഗവണ്മെന്റിൽനിന്നും കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പറയുകയാണ്. ആ കമ്മിറ്റി അപ്പോയിന്റ് ചെയ്ത ഗവണ്മെന്റിന്റെ മനുഷ്യത്വമില്ലാത്ത ആളുകളാണ് അപ്പുറത്തിരിക്കുന്നത്. അന്ന് അത് നിരോധിക്കാൻ പറഞ്ഞപ്പോൾ ആശുപത്രിയിൽപ്പോയി ചികിൽസിക്കാൻ പറഞ്ഞ ആളുകളുടെ പാർട്ടിക്കാരാണ് ഇവർ. എന്നിട്ടാണ് ഇങ്ങോട്ടുനോക്കി ഇതൊക്കെ പറയുന്നത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രോഗമുണ്ട്. എന്താണ് രോഗകാരണമെന്ന് ഇതുവരെ തെളിയിച്ചിട്ടില്ല. എങ്കിലും കേരളത്തിലെ ഏത് ഭാഗത്ത് രോഗം വന്നാലും ചികിൽസിക്കുന്നതുപോലെതന്നെ ഇവരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള നടപടികൾ എടുക്കും. മുഖ്യമന്ത്രി എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് തീർച്ചയായിട്ടും ചെയ്തുകൊടുക്കാനും ഗവണ്മെന്റ് തയ്യാറാണ്.

(2) കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ വിശ്വാസ്യത വീണ്ടെടുക്കാൻ നടപടി

ശ്രീ. കെ. സി. വേണുഗോപാൽ : സർ, വളരെയേറെ ഗൗരവതരമായ ഒരു പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരള പബ്ളിക് സർവ്വീസ് കമ്മീഷനെക്കുറിച്ച് സമീപകാലത്ത് അതിവഗുരുതരമായ ആക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരുടെ ഏക ആശാകേന്ദ്രമായ പബ്ളിക് സർവ്വീസ് കമ്മീഷൻ ഇന്ന് വലിയ ക്രമക്കേടുകളുടേയും ഗുരുതരമായ വ്യത്തികേടുകളുടേയും കേന്ദ്രമായി മാറിയിരിക്കുകയാണ്. പരീക്ഷാ ചോദ്യപേപ്പർ ചോരുന്നത് നിത്യസംഭവമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ അര നൂറ്റാണ്ടു കാലഘട്ടത്തിനിടയിൽ ഇത്രയേറെ ആക്ഷേപം സഹിച്ച കാലഘട്ടം പബ്ളിക് സർവ്വീസ് കമ്മീഷനിൽ ഉണ്ടായിട്ടില്ല. കൊല്ലം ജില്ലയിലെ എൽ.ഡി.സി. പരീക്ഷാ ചോദ്യപേപ്പർ ചോർന്നതിന്റെ പിറ്റേ

ദിവസം തന്നെ ചോദ്യം ലഭിച്ച കാര്യം ലഭിച്ചവരുടെ മേൽവിലാസം സഹിതം ഉദ്യോഗാർത്ഥികൾ പബ്ളിക് സർവ്വീസ് കമ്മീഷനിൽ പരാതിപ്പെട്ടതാണ്. ഇത് വളരെ ലാഘവബുദ്ധിയോടുകൂടിയാണ് കണ്ടത്. ആറു മാസം കഴിഞ്ഞിട്ടാണ് പി.എസ്.സി. ആ ലിസ്റ്റ് ക്യാൻസൽ ചെയ്തത്. മാത്രമല്ല 2000-ൽ നടത്തിയ എസ്. ഐ. ടെസ്റ്റിൽ ഷോർട്ട് ലിസ്റ്റിൽ ഇല്ലാത്ത നമ്പരുകളാണ് ഫിസിക്കൽ ടെസ്റ്റു കഴിഞ്ഞുവന്നിരിക്കുന്നത്. എക്സാമിനേഷൻ കഴിഞ്ഞ് ഷോർട്ട് ലിസ്റ്റിൽ പേരില്ലാത്തവർ ഫിസിക്കൽ ടെസ്റ്റിൽ വന്നിരിക്കുന്നു. കണക്കുസഹിതം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. നമ്പർ 22990 ഫിസിക്കൽ ടെസ്റ്റ് കഴിഞ്ഞ് വന്നിരിക്കുകയാണ്. ഈ നമ്പർ ഷോർട്ട് ലിസ്റ്റിലില്ല. ഇതുപോലെ നിരവധി ക്രമക്കേടുകൾ എസ്. ഐ. ടെസ്റ്റിന്റെ പരീക്ഷയുമായി ബന്ധപ്പെട്ട് വന്നിരിക്കുന്നു. ഇതിൽ മനസ്സിലാക്കേണ്ടത് 232 മുതൽ 700 വരെയുള്ള നമ്പരെടുത്താൽ ആകെ കിട്ടിയിരിക്കുന്നത് 21 പേർ. 700 മുതൽ 819 വരെയുള്ള നമ്പരുകളെടുത്താൽ കിട്ടിയിരിക്കുന്നത് 28 പേർ. ഒരു സെന്ററിൽ പരീക്ഷയെഴുതിയ മുഴുവൻ ആളുകൾക്കും പരീക്ഷ പാസ്സാകാൻ കഴിഞ്ഞിരിക്കുകയാണ്. ഇത്രയേറെ ഗൗരവമായ സംഭവമാണ് എസ്. ഐ. പരീക്ഷയുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്നത്. ഇതിനെ ലാഘവബുദ്ധിയോടുകൂടി കാണാൻ കഴിയുമോ? അടുത്ത കാലത്ത് ഹോമിയോ ഓഫീസർമാരുടെ തസ്തികയിൽ പരീക്ഷയെഴുതിയവർ പരാതി കൊടുത്തു. അവസാനം വിജയിച്ചവരുടെ പേര് നീക്കം ചെയ്തുകൊണ്ട് 12 പേരെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്തി. പബ്ളിക് സർവ്വീസ് കമ്മീഷനിൽ നമുക്കുണ്ടായിരുന്ന എല്ലാ മാന്യതയും കളഞ്ഞുകുളിച്ചുകൊണ്ട് കേരളത്തിലെ ചെറുപ്പക്കാരെ മുഴുവൻ നിരാശയിലേക്ക് താഴ്ത്തുന്ന സമീപനമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇത് ലാഘവബുദ്ധിയോടുകൂടി കാണാൻ കഴിയുന്നതല്ല. കോട്ടയം ജില്ലയിലെ 15 ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസ് അപ്രത്യക്ഷമായ വിവരം എല്ലാ പത്രങ്ങളിലും വന്നു. എന്നിട്ടോ ആ ജില്ലയിലെ ലിസ്റ്റ് പ്രസിദ്ധീകരിച്ചശേഷം ഈ 15 പേർക്കുമാത്രം വീണ്ടും റീ-എക്സാമിനേഷൻ നടത്തി. ഒരു ജില്ലയിൽ റിസൽട്ട് പ്രസിദ്ധീകരിച്ച ശേഷം വീണ്ടും ആ എക്സാമിനേഷൻ നടത്തുക എന്നു പറയുന്നത് പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചരിത്രത്തിലെ ആദ്യത്തെ സംഭവമാണ്. ഫോറസ്റ്റ് വകുപ്പിൽ ഉയരം കുറഞ്ഞ ഉദ്യോഗാർത്ഥിയെ സംബന്ധിച്ച് പി.എസ്.സി.യിൽ പരാതി വന്നു. ഉയരമില്ലായെന്ന് പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഉദ്യോഗസ്ഥന്മാർ കണ്ടെത്തി. മെമ്പറുടെ സാന്നിദ്ധ്യത്തിൽ അളന്നു. അപ്പോഴും ഉയരമില്ല. പിന്നീട് ചെയർമാൻ നേരിട്ട് പോയി അളന്നു. അപ്പോൾ ഉയരമുണ്ടായി. ഇതെന്താണ്. പി. എസ്.സി. മെമ്പർ അളന്നപ്പോൾ ഉയരമില്ലാതിരിക്കുകയും പി.എസ്.സി. ചെയർമാൻ അളന്നപ്പോൾ ഉയരമുണ്ടെന്ന് പറയുകയും ചെയ്യുന്നു. മെമ്പർ പറഞ്ഞതാണോ, ചെയർമാൻ പറഞ്ഞതാണോ ശരി? ഇത്രയും ഗുരുതരമായ ആക്ഷേപങ്ങൾ ഏതെങ്കിലും കാലത്ത് ഉണ്ടായിട്ടുണ്ടോ? ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ഗവണ്മെന്റ് വളരെ ലാഘവത്തോടുകൂടിയുള്ള സമീപനമാണെടുക്കുന്നത് എന്നുള്ള ആക്ഷേപം

LIBRARY ARCHIVES Kerala Legislative-Assembly

എനിക്കുണ്ട്. ഒരു കാരണവശാലും അത് ശരിയല്ല. ചോദ്യപേപ്പർ തയ്യാറാക്കാനും ഉത്തരം മൂല്യനിർണ്ണയം ചെയ്യാനും ചുമതലക്കാരെ നിശ്ചയിക്കുന്നത് ചെയർമാനാണ്. ഒരിക്കൽ പരീക്ഷ നടത്തിയ ചോദ്യം തന്നെ തൊട്ടടുത്ത പരീക്ഷയ്ക്കും വരികയാണ്. ഇത് ആവർത്തിച്ചതിന്റെ പേരിൽ മലപ്പുറത്ത് പരീക്ഷ നടത്തിയ ആളുകൾ 20 മാർക്ക് കുറച്ചു. അതിന്റെ പേരിൽ നിരപരാധികളായ നിരവധി പേരുടെ അവസരം നിഷേധിക്കപ്പെടുകയും ചെയ്തു. ഇത് സംബന്ധിച്ച് നിരന്തരമായി ആരോപണം വന്നു. പബ്ളിക് സർവ്വീസ് കമ്മീഷന്റെ ക്രെഡിബിലിറ്റി കളഞ്ഞിരിക്കുകയാണ്. 1970-ൽ A.G.'s ഓഫീസ് ജീവനക്കാരുടെ പണിമുടക്കുമായി ബന്ധപ്പെട്ട് അക്രമ സമരവും തീവയ്പും നടത്തിയതിന്റെ പേരിൽ 311-ാം വകുപ്പു പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്ത ആളാണ് ഇപ്പോൾ പി.എസ്.സി.യിലെ ചെയർമാനായിട്ടിരിക്കുന്നത്. ഒരു കോൺസ്റ്റിറ്റ്യൂഷണൽ ബോഡിയുടെ പവ്വർ ഉപയോഗിച്ചുകൊണ്ട് നീക്കം ചെയ്ത ഒരാൾ മറ്റൊരു കോൺസ്റ്റിറ്റ്യൂഷണൽ ബോഡിയുടെ ഹെഡ്ഡായിട്ട് ഇരിക്കുകയാണ്. ഇത് എവിടെ കേട്ടിട്ടുണ്ട്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എല്ലാ കാര്യങ്ങളിലും അഭിപ്രായം പറയാറുണ്ട്. പി.എസ്.സി. കേരളത്തിലെ ചെറുപ്പക്കാരോട് ഇത്രയും നീചമായി പെരുമാറിയിട്ടുപോലും അദ്ദേഹം ഒരു അഭിപ്രായവും പറഞ്ഞിട്ടില്ല. ഇത് രാഷ്ട്രീയമല്ല.

Mr. Speaker: If there is a reference I can give you another chance for personal explanation, not now. Yes.....Yes.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : കെ.എസ്.യു. ഗുണ്ടകളായിട്ടുള്ള ആളുകൾ പബ്ളിക് സർവ്വീസ് കമ്മീഷനിലെ മെമ്പർമാരെ ആക്ഷേപിച്ചുകൊണ്ടിരിക്കുന്ന ഹീനമായ സമീപനം ഇവിടെ നടക്കുകയാണ്. അവർക്കെതിരായി കേസെടുക്കാൻ പോലും മുഖ്യമന്ത്രി തയ്യാറായിട്ടില്ല. അതാണ് പി.എസ്.സി.യോട് എടുത്തുകൊണ്ടിരിക്കുന്ന സമീപനം. അതങ്ങ് മനസ്സിലാക്കണം.

ശ്രീ. കെ. സി. വേണുഗോപാൽ : പ്രതിപക്ഷനേതാവിന്റെ വികാരക്ഷോഭം ഞാൻ മനസ്സിലാക്കുന്നു. പബ്ളിക് സർവ്വീസ് കമ്മീഷനിലെ ചെയർമാനെക്കുറിച്ച് പറഞ്ഞപ്പോൾ എന്തുകൊണ്ടാണ് അദ്ദേഹത്തിന് പൊള്ളിയതെന്ന് എനിക്കറിയില്ല. അദ്ദേഹം എല്ലാ കാര്യങ്ങളെക്കുറിച്ചും പ്രതികരിക്കുന്ന ആളാണ്. ഇതൊക്കെ എണ്ണിയെണ്ണി ഉന്നയിക്കുന്ന ആരോപണങ്ങളാണ്. ഇതിന്റെയെല്ലാം തെളിവുകൾ ഞങ്ങളുടെ കയ്യിലുണ്ട്. പബ്ളിക് സർവ്വീസ് കമ്മീഷൻ എന്നു പറയുന്നത് സ്വന്തക്കാരെ തിരുകി കയറ്റാനുള്ള സ്ഥാപനമല്ല. കേരളത്തിലെ ചെറുപ്പക്കാർക്ക് ആ സ്ഥാപനത്തോട് വിശ്വാസമാണ്. ആ വിശ്വാസത്തെ തകർത്തുകൊണ്ട് ചെറുപ്പക്കാരെ മുഴുവൻ നിരാശയിലേക്ക് കൊണ്ടുപോകുന്ന സമീപനം അംഗീകരിക്കാൻ കഴിയുകയില്ല. അവിടെ നിന്നും നാല് ഉദ്യോഗസ്ഥന്മാർ വി. ആർ. എസ്. വാങ്ങിപ്പോയി. എന്താണ് കാരണം? ഈ ക്രമക്കേടിന് കൂട്ടുനിൽക്കാൻ കഴിയുകയില്ലായെന്ന് മനസ്സിലാക്കിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി.യുടെ ചരിത്രത്തിൽ ആദ്യമായി നാല് ഉദ്യോഗസ്ഥന്മാർ വോളന്ററി റിട്ടയർമെന്റ് വാങ്ങി പോയിരിക്കുകയാണ്. ഈ ഗുരുതരമായ ആക്ഷേപത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ഒരു ചോദ്യം ചോദിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് പി.എസ്.സി.യുമായി ആലോചിച്ചിട്ട് തീരുമാനിക്കുമെന്നാണ്. ഈ കാര്യത്തിൽ ശക്തമായ പ്രതിഷേധമുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ചിട്ടല്ല എല്ലാ കാര്യങ്ങളും തീരുമാനിക്കേണ്ടത്. കള്ളനോട് ചോദിച്ചിട്ട് ശിക്ഷ വിധിക്കുന്നതുപോലെ ആയിപ്പോയി കാര്യം. കേരളത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. കേരളത്തിലെ ചെറുപ്പക്കാരുടെ മുമ്പിൽ, ഉദ്യോഗാർത്ഥികളുടെ മുന്നിൽ പ്രതിക്കൂട്ടിൽ നിൽക്കുന്ന പി. എസ്. സി.യോട് ആലോചിച്ച് തീരുമാനിക്കുമെന്നാണ് പറയുന്നത്. പി.എസ്.സി. ചെയർമാനടക്കമുള്ള ആളുകളെ ഇംപീച്ച് ചെയ്യാനുള്ള നടപടിക്ക് ഗവണ്മെന്റ് നേതൃത്വം കൊടുക്കണമെന്നാണ് ഞാൻ പറയുന്നത്. പഞ്ചാബിലെ പി.എസ്.സി. ചെയർമാൻ ആളുകളിൽ നിന്നും കൈക്കൂലി വാങ്ങി. ഇന്ന് ജയിലിലാണ്. ഇവിടെ കേരളത്തിൽ ഉദ്യോഗാർത്ഥികളുടെ വിശ്വാസം തകർക്കുന്ന സമീപനത്തിനെതിരെ ശക്തമായ നടപടി ഗവണ്മെന്റ് സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ചെറുപ്പക്കാർ വളരെ ആശങ്കാകുലരാണ്. ഞങ്ങൾ മാത്രമല്ല, ശ്രീ. സുപാലും ഇതു സംബന്ധിച്ച് സമരം നടത്തി. ഇതിൽ രാഷ്ട്രീയമില്ല. സി.പി.ഐ.യിലെ ചെറുപ്പക്കാരും സമരം നടത്തിയിട്ടുണ്ട്. ഡി.വൈ.എഫ്.ഐ.ക്കാർ ഇല്ല. കാരണം എ.കെ.ജി. സെന്ററിൽ നിന്നും പോയ ലിസ്റ്റിൽ നിന്നാണ് പി.എസ്.സി. ലിസ്റ്റിൽ പലതും വരുന്നത് എന്ന ആക്ഷേപമുണ്ടായി. അതുകൊണ്ട് ഡി.വൈ.എഫ്.ഐ.ക്കാർ സമരം ചെയ്യുന്നില്ല. ബാക്കി അപ്പുറത്തുള്ള സംഘടനകളും സമരം ചെയ്യുന്നുണ്ട്. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയാൽ ചെയർമാനടക്കമുള്ള ആളുകളുടെ കാര്യം വ്യക്തമാകും. അതുപോലെ കൊല്ലം എൽ.ഡി.സി. ടെസ്റ്റ്, വയനാട് എൽ.ഡി.സി. ടെസ്റ്റ്, ഹോമിയോ ഓഫീസർമാരുടെ ടെസ്റ്റ്, എക്സൈസ് ഇൻസ്പെക്ടർമാരുടെ ടെസ്റ്റ് എന്നിവയിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ പി.എസ്.സി.യുടെ വിശ്വാസ്യത വീണ്ടെടുക്കണം. അത് വീണ്ടെടുക്കാനുള്ള നടപടികൾക്ക് അടിയന്തിരമായി ഗവണ്മെന്റ് തുടക്കം കുറിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : ഇവിടെ പി.എസ്.സി. എന്നു പറയുന്നത് ഭരണഘടനാപരമായ സ്ഥാപനമാണ്. ആ സ്ഥാപനത്തിന്റെ ചെയർമാനെ വ്യക്തിപരമായി സഭയിൽ പരാമർശിക്കുന്നത് ശരിയാണോ? അങ്ങനെ വന്നാൽ അത്തരം പരാമർശങ്ങൾ ഇപ്പുറത്തുനിന്നും നടത്തിയാൽ അത് രേഖയിലുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : കേരളത്തിലെ ഉദ്യോഗാർത്ഥികൾ പ്രതീക്ഷയോടുകൂടി ഉറ്റുനോക്കുന്ന ഒരു സ്ഥാപനമാണ് പബ്ളിക് സർവ്വീസ് കമ്മീഷൻ പി.എസ്.സി.യുമായി ബന്ധപ്പെട്ട് അടുത്ത കാലത്തായി ഉയർന്നു വന്നിരിക്കുന്ന വിവാദങ്ങൾ തൊഴിൽരഹിതരായ ചെറുപ്പക്കാരിൽ വളരെയേറെ ആശങ്ക ഉണ്ടാക്കിയിട്ടുണ്ടെന്ന് ഗവണ്മെന്റ് മനസ്സിലാക്കുന്നു. കേരള പബ്ളിക് സർവ്വീസ് കമ്മീഷനെക്കുറിച്ചും പരീക്ഷാ ക്രമക്കേടുകളെക്കുറിച്ചും അടുത്ത കാലത്ത് കുറേയേറെ റിപ്പോർട്ടുകൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നുവെന്നത് സത്യമാണ്. ഭരണഘടനപ്രകാരം രൂപീകൃതമായിട്ടുള്ള ഈ സ്ഥാപനത്തെക്കുറിച്ചും അതിന്റെ പ്രവർത്തനത്തെക്കുറിച്ചും ആരോപണമുണ്ടാകുന്നത് തീർത്തും നിരാശാജനകവും ഒഴിവാക്കപ്പെടേണ്ടതുമാണ്. സംസ്ഥാന സർവ്വീസിലേക്കുള്ള നിയമനശുപാർശ നടത്തുന്ന സ്ഥാപനത്തെക്കുറിച്ചുള്ള ഏത് ആക്ഷേപവും ലക്ഷക്കണക്കായ കേരളത്തിലെ ഉദ്യോഗാർത്ഥികൾക്കിടയിൽ ആശങ്ക ഉണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. കൊല്ലം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള എഴുത്തുപരീക്ഷയുടെ ചോദ്യപേപ്പർ ചോർന്ന സംഭവത്തെക്കുറിച്ച് പി.എസ്.സി.യുടെ പ്രാഥമിക അന്വേഷണത്തിനുശേഷം സമഗ്രമായ അന്വേഷണത്തിന് പോലീസിലെ ക്രൈംബ്രാഞ്ച് വിഭാഗത്തിനെ ചുമതലപ്പെടുത്തി. അതിന്റെ അന്വേഷണം നടന്നുവരുകയാണ്. അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കുന്ന കാര്യത്തിൽ വിട്ടുവീഴ്ച ഉണ്ടാകില്ല. കൊല്ലം ജില്ലയിൽ നടത്തിയ പരീക്ഷ ആരോപണത്തെത്തുടർന്ന് പി.എസ്.സി. റദ്ദ് ചെയ്തിട്ടുണ്ട്. പുനഃപരീക്ഷ ഈ മാസം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. മറ്റ് ചില ജില്ലകളിലേക്ക് നടത്തിയ എൽ.ഡി. ക്ളാർക്ക് തസ്തികയിലേക്കുള്ള പരീക്ഷകളിലും മറ്റ് ചില തസ്തികകളിലേക്കുള്ള പരീക്ഷകളിലും ക്രമക്കേടുകൾ നടന്നതായിട്ടുള്ള റിപ്പോർട്ടുകൾ മാധ്യമങ്ങളിൽ വന്നതിന്റെ അടിസ്ഥാനത്തിൽ പരാതികൾ ഉള്ളതായി ശ്രദ്ധയിൽ വന്നിട്ടുണ്ട്. അവയും പരിശോധിച്ച് പി.എസ്.സി. യുമായി കൂടിയാലോചിച്ച് ആവശ്യമെന്ന് കാണുന്നപക്ഷം നടപടി സ്വീകരിക്കും. ശ്രദ്ധയിൽപ്പെടുന്ന ക്രമക്കേടുകൾക്കെതിരെ അപ്പപ്പോൾ നടപടി സ്വീകരിക്കുന്നതായി പി.എസ്.സി.യും അറിയിച്ചിട്ടുണ്ട്. ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചുവന്നിരുന്ന ഉദ്യോഗസ്ഥൻ ഉദ്യോഗാർത്ഥികളിൽനിന്നും കൈക്കൂലി വാങ്ങിയെന്ന അറിയിപ്പ് ലഭിച്ചതിനെത്തുടർന്ന് പി.എസ്.സി. തന്നെ അന്വേഷണം നടത്തി അയാളെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യുകയും മറ്റ് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എൽ.ഡി. ക്ളാർക്ക് തസ്തികയിലേക്കുവേണ്ടി കണ്ണൂർ ജില്ലയിൽ നടത്തിയ പരീക്ഷയെ സംബന്ധിച്ച് പരാതി ലഭിച്ചതിനാൽ അത് പരിശോധിക്കുന്നതിന് സെലക്ട് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നത് നിർത്തിവച്ചിട്ടുള്ളതായും പരീക്ഷാ നടത്തിപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

ക്രമക്കേട് തടയാൻ പരിഷ്കാരങ്ങൾ വരുത്തിയതായും പി.എസ്.സി. അറിയിച്ചിട്ടുണ്ട്. പരീക്ഷാ ദിവസം പി.എസ്.സി. ഉദ്യോഗസ്ഥർ തന്നെ ചോദ്യപേപ്പർ നേരിട്ട് പരീക്ഷ കേന്ദ്രത്തിൽ എത്തിച്ച് അവരുടെ സാന്നിദ്ധ്യത്തിൽ പരീക്ഷ നടത്തി പരീക്ഷാ പേപ്പറുകൾ ആ ഉദ്യോഗസ്ഥൻ തന്നെ പി.എസ്.സി. ഓഫീസിൽ എത്തിക്കുന്ന സംവിധാനം ഇനിമുതൽ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതായി പി.എസ്.സി. അറിയിച്ചിട്ടുണ്ട്. ക്രമക്കേടുകൾ ഉണ്ടാകുന്നത് തടയാനും ഉദ്യോഗാർത്ഥികളുടെ ആശങ്ക അകറ്റാനും ആവശ്യമായ എല്ലാ നടപടികളും ഇനിയും സ്വീകരിക്കുന്നതാണെന്ന് ഒരിക്കൽക്കൂടി ആവർത്തിക്കുന്നു. പി.എസ്.സി.യുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികളുടെ ആക്ഷേപങ്ങൾ പരിശോധിക്കുന്നതിന് സമീപകാല അനുഭവത്തിന്റെ വെളിച്ചത്തിൽ കൂടുതൽ ജാഗ്രത പാലിക്കുമെന്ന് ഈ അവസരത്തിൽ എല്ലാപേർക്കും ഉറപ്പുതരുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ : വളരെ വളരെ നിർഭാഗ്യകരമാണ് മുഖ്യമന്ത്രിയുടെ മറുപടി. പി.എസ്.സി.യിൽ ആക്ഷേപം നിലനിൽക്കുമ്പോൾ അവരുമായി ആലോചിച്ച് നടപടി സ്വീകരിക്കുമെന്നാണ് അങ്ങ് പറഞ്ഞിരിക്കുന്നത്. ഇവിടെ അങ്ങ് സൂചിപ്പിച്ചു, കൊല്ലം എൽ.ഡി.സി. പരീക്ഷയുമായി ബന്ധപ്പെട്ട്.....

Mr. Speaker : Ask only one question.

ശ്രീ. കെ. സി. വേണുഗോപാൽ : എന്റെ ക്വസ്റ്റ്യൻ, അങ്ങയുടെ ഗവൺമെന്റു തന്നെ, ഡിസംബർ മാസം 31-ന് അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2004 മേയ് മാസം 31 വരെ എക്സ്റ്റന്റ് ചെയ്യണമെന്ന് ക്യാബിനറ്റ് ഡിസിഷനെടുത്തു. നിലവിൽ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നിലവിലിരിക്കുമ്പോൾ തന്നെ ആ ലിസ്റ്റിന്റെ കാലാവധി തീരാതെതന്നെ തിരുവനന്തപുരം ജില്ല അടക്കം പുതിയ എൽ.ഡി.സി. ലിസ്റ്റ്, ഇത്രയും ക്രമക്കേടുകൾ ഉണ്ടെന്ന് ആക്ഷേപമുള്ള ലിസ്റ്റ് പ്രിന്റുചെയ്ത് വന്നിരിക്കുകയാണ്. ഗവൺമെന്റ് പി.എസ്.സി.യോട് വീണ്ടും ആലോചിച്ചിട്ട് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞത് ശരിയല്ല. ഇപ്പോഴത്തെ നിയമത്തിൽ പരിമിതികളുണ്ടെങ്കിൽ പുതിയ നിയമനിർമ്മാണം നടത്തി പി.എസ്.സി.യുടെ കാര്യത്തിൽ ശക്തമായ ബഹുജന വിശ്വാസം വീണ്ടെടുക്കുവാനുള്ള നടപടിക്ക് തയ്യാറാകുമോ?

ശ്രീ. എ. കെ. ആന്റണി : നിലവിലുള്ള നിയമങ്ങളിൽ മാറ്റംവരുത്തുന്നതിനെക്കുറിച്ച് പെട്ടെന്ന് മറുപടി പറയാൻ സാധ്യമല്ല. അത് വളരെ ഗഹനമായി ആലോചിച്ച് കൂടുതൽ ചർച്ച ചെയ്തതിനുശേഷം മാത്രമേ തീരുമാനം എടുക്കുവാൻ സാധിക്കൂ. ഒരു കാര്യം ഉറപ്പുപറയാം, സമീപകാലത്തുണ്ടായതുപോലുള്ള ആക്ഷേപങ്ങൾ ഉണ്ടാകാതിരിക്കുവാൻ ചെയ്യാവുന്ന എല്ലാ നടപടികളും സ്വീകരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗാർത്ഥികൾക്ക് ആത്മവിശ്വാസം പകരാനും പരീക്ഷാ നടത്തിപ്പിൽ ക്രമക്കേട് വരാതിരിക്കുവാനും ഗവൺമെന്റ് ചെയ്യാവുന്ന എല്ലാ നടപടിയും ചെയ്യുമെന്ന് ഞാൻ ഉറപ്പുപറയുവാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ : സബ്മിഷൻ ഓരോ വാചകത്തിൽ എല്ലാപേരും പറയണം. സമയം ധാരാളമായി. മന്ത്രിമാരും ദയവ്ചെയ്ത് ഓരോ വാചകത്തിൽ മറുപടി പറയണം.

V സബ്മിഷൻ

(1) കേരളത്തിലെ സ്വർണ്ണത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. രാധാകൃഷ്ണൻ : രണ്ടരലക്ഷത്തോളം വരുന്ന ആഭരണ നിർമ്മാണ തൊഴിലാളികളുടെ തൊഴിലില്ലായ്മ പരിഹരിക്കണമെന്നും അവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നത്തിന് പരിഹാരം കാണണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഗവൺമെന്റിനോടും മന്ത്രിയോടും അഭ്യർത്ഥിക്കുന്നത്. കേരളത്തിൽ ഏകദേശം രണ്ടരലക്ഷത്തോളം ആഭരണനിർമ്മാണ തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിൽ ഏകദേശം 40,000 തൊഴിലാളികൾ തൃശ്ശൂർ ജില്ലയിൽ തന്നെയുള്ളവരാണ്. തൃശ്ശൂർ ജില്ലയിൽ കുന്ദംകുളത്തും ചേർപ്പിലും ചേലക്കരയിലും മറ്റു സ്ഥലങ്ങളിലുമായാണ് ഈ നാല്പതിനായിരം തൊഴിലാളികൾ പണിയെടുത്തു കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഈ രംഗത്ത് അനവധി ഇടത്തട്ടുകാർ കടന്നുവന്നതിന്റെ ഫലമായി ആഭരണ നിർമ്മാണ രംഗത്ത് തൊഴിലാളികൾ വലിയ പ്രതിസന്ധി നേരിടുകയാണ്. അന്യ സംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാരമില്ലാത്ത ആഭരണങ്ങൾ നിർമ്മിച്ച് കേരളത്തിൽ വിൽക്കുകയാണ്. അതിന്റെ ഫലമായി തൊഴിലില്ലായ്മ ഉണ്ടാകുന്നു. മാത്രമല്ല, നമ്മുടെ കേരളത്തിന് കിട്ടേണ്ട വലിയ നികുതി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. ഏകദേശം 1500 കോടിയോളം രൂപ വർഷംതോറും ടാക്സ് ഇനത്തിൽ കിട്ടുമെന്നാണ് കണക്കാക്കപ്പെടുന്നത്. നമുക്ക് ഈ വർഷം കിട്ടിയത് കേവലം 38 കോടി രൂപ മാത്രമാണ്. ടാക്സ് വെട്ടിപ്പ് നടക്കുന്നു. തൊഴിലില്ലായ്മ പെരുകുന്നു. അങ്ങനെ വലിയ പ്രയാസം അനുഭവപ്പെടുകയാണ്. ഇതിന് പരിഹാരമുണ്ടാക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, സ്വർണ്ണത്തൊഴിലാളികളുടെ പ്രശ്നം വളരെ ഗൗരവമായി വന്നിട്ടുണ്ട്. സ്വർണ്ണാഭരണം പണിയുന്ന തൊഴിലാളികളും വിൽക്കുന്ന വ്യാപാരികളും തമ്മിൽ തൊഴിലുടമാ-തൊഴിലാളി ബന്ധം സ്ഥാപിക്കുവാൻ കഴിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. അവർ സ്വന്തമായി പണിചെയ്ത് കൊണ്ടുവന്ന് വിൽക്കുകയാണ്. പണിക്കൂലി

LIBRARY ARCHIVES Kerala Legislative Assembly